**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3686** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | എള്ളിൻ പിണ്ണാക്ക്, പരുത്തിപ്പിണ്ണാക്ക്, പരുത്തിക്കുരു, തവിട് എന്നിവയുടെ വിലവർദ്ധനവും സ്വകാര്യ കമ്പനികളുടെ കാലിതീറ്റയുടെ ക്രമാതീതമായ വില വർദ്ധനവും ഉൾപ്പടെയുള്ള കാരണങ്ങളാൽ ക്ഷീര കർഷകർ വളരെയേറെ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്ഷീരമേഖലയിലെ ഉല്പാദനച്ചെലവ് കൂടുതലാണ്. കേരളത്തിൽ പാലുല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചിലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. കാലിത്തീറ്റ വില നിയന്ത്രിക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയും മൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു.<br><br>മിൽമ, മേഖലാ യൂണിയനുകൾ വഴി ഗുണനിലവാരമുള്ള കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല.<br><br>മലബാർ മേഖലാ യൂണിയൻ സഹോദരസ്ഥാപനമായ എം. ആർ. ഡി. എഫ് വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീര കർഷകർക്ക് മിതമായ വിലക്ക് ലഭ്യമാക്കി വരുന്നുണ്ട്. അയൽസംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല് സൈലേജ്, എന്നീ തീറ്റവസ്തുക്കൾ ക്ഷീര സംഘം മുഖാന്തിരം ആവശ്യമുള്ള ക്ഷീരകർഷകർക്ക് കിലോഗ്രാമിന് 2 |

| | | | |
|---|---|---|---|
| | | | രൂപ തോതിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.<br><br>തിരുവനന്തപുരം മേഖലാ യൂണിയൻ ഈ രീതിയിലുള്ള പ്രതിസന്ധിപരിഹരിക്കുന്നതിന് കാലാകാലങ്ങളിൽ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി അനുവദിച്ച് നൽകി വരുന്നുണ്ട്. 2021-22 വർഷത്തിൽ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ മാത്രം 150 ലക്ഷം രൂപ യൂണിയൻ ചെലവഴിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ സബ്സിഡി നിരക്കിൽ വൈക്കോൽ/ സൈലേജ് വിതരണം, കറവ യന്ത്ര സബ്സിഡി, പ്രഷർ വാഷ് സബ്സിഡി, റബ്ബർ മാറ്റ് സബ്സിഡി, വീൽബാരോ വാങ്ങുന്നതിന് ധനസഹായം, കന്നുകാലി ലോൺ പലിശ സബ്സിഡി, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, എന്നീ കർഷക ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.<br><br>അസംസ്കൃത വസ്തുക്കളുടെ വിലയിൽ കുറവ് ഉണ്ടായപ്പോൾ എല്ലാം തന്നെ സർക്കാർ നയത്തിന് അനുസൃതമായി വിലക്കിഴിവ് കേരള ഫീഡ്സ് നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ്- മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20/- രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ് - എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135/- രൂപയും കേരള ഫീഡ്സ്-- മിടുക്കി കാലിത്തീറ്റയ്ക്ക് 90/- രൂപയും നിലവിൽ വില കുറവുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റ ഏറ്റവും ന്യായമായ വിലയിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് അസംസ്കൃത വസ്തുക്കളുടെ വില അഭൂതപൂർവ്വമായി വർദ്ധിപ്പിച്ചിട്ടുപോലും ഭീമമായ നഷ്ടം നേരിട്ടിട്ടും കമ്പനി കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവ് വരുത്താത്തത്. |
| (ബി) | ഒരു ലിറ്റർ പാൽ വിൽക്കുമ്പോൾ ക്ഷീരകർഷകർക്ക് ലഭിക്കുന്നത് 36 രൂപയോളം മാത്രമാണെന്നിരിക്കെ ക്ഷീര കർഷകർ വിൽക്കുന്ന പാലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കർഷകർ വിൽക്കുന്ന പാലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ ക്ഷീരവികസന വകുപ്പ് കൈകൊണ്ടിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ നിന്നും ലഭിക്കുന്ന പാൽവില സംബന്ധിച്ച പരാതികൾ ജില്ലാതലത്തിൽ ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിഹരിക്കുന്നുണ്ട്. നിലവിൽ ഭൂരിഭാഗം ക്ഷീരസംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് മുഖേനയാണ് പാൽ സംഭരിക്കുന്നത്. ഇത്തരം സംഘങ്ങളിൽ പാൽവില നിർണ്ണയം സുതാര്യമായ രീതിയിൽ നടക്കുന്നതിനാൽ ഒരു പരിധിവരെ പരാതി കുറവാണ്. |

സെക്ഷൻ ഓഫീസർ